I.ഇ.ബി. XIIകേരള നിയമസഭ/VIII-12

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) സുനാമി ബാധിതർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി

ശ്രീ. കെ. സി. വേണുഗോപാൽ : സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. അതിദാരുണമായ ജീവിത സാഹചര്യങ്ങളിലാണ് കേരളത്തിലെ തീരദേശവാസികൾ കഴിഞ്ഞുപോരുന്നത്. മാരക രോഗങ്ങൾ ചികിത്സിക്കാൻ കഴിയാത്ത സാഹചര്യമാണ് ഈ മേഖലയിൽ ഇന്ന് നിലനിൽക്കുന്നത്. ഒരു വർഷം മുപ്പതിനായിരം രൂപ വരെ ചികിത്സാ സഹായം ലഭ്യമാക്കാനുതകുംവിധം കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് സ്കീമിന്റെ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ലഭ്യമാകുന്നില്ല. ആലപ്പുഴ ജില്ലയിൽ 33531 പേർ യുണൈറ്റഡ് ഇൻഷ്വറൻസ്

കമ്പനി മുഖാന്തിരം  കഴിഞ്ഞ വർഷം പ്രീമിയം തുക അടച്ചിട്ട്  4252 പേർക്ക് ഇതുവരെ കാർഡ് പോലും ഇഷ്യു ചെയ്യാത്ത സ്ഥിതിയാണ്. ഫിഷറീസ് വകുപ്പാണ് ഈ സ്കീമിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി.  1779 പേരുടെ കാർഡ് ഇൻഷ്വറൻസ് കമ്പനിയുടെ കൈവശമാണുള്ളത്. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ കൂടിയ യോഗത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥൻമാരും ഇൻഷ്വറൻസ് കമ്പനിക്കാരും വമ്പിച്ച ക്രമക്കേട് നടത്തിയിരിക്കുന്നു എന്നും അത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നും ചൂണ്ടിക്കാണിച്ചിരുന്നു. പാവപ്പെട്ടവർക്ക് ഹൃദ്രോഗ ചികിത്സാ സഹായമായി 34 ലക്ഷം രൂപ മാത്രമാണ് ക്ളെയിം കൊടുത്തിരിക്കുന്നത്. ആശുപത്രിയിൽ പോയി അഡ്മിറ്റ് ചെയ്താൽ ആശുപത്രിക്കാർ കൊടുക്കുന്ന ബില്ലിലെ തുകയെത്രയെന്ന് രോഗിക്ക് അറിയാൻ കഴിയില്ല.  രണ്ടാമത്തെ പ്രാവശ്യം രോഗി പോകുമ്പോൾ ഇൻഷ്വറൻസ് തുക തീർന്നുപോയിയെന്ന് ആശുപത്രി ജീവനക്കാർ അറിയിക്കും. മെഡിക്കൽ ഷോപ്പുകളെ ഇതുവരെ ലിസ്റ്റ് ചെയ്തിട്ടില്ല. ജില്ലാതലത്തിൽ ആശുപത്രികളേയും ഇൻഷ്വറൻസ് കമ്പനികളേയും രോഗികളേയും കോ-ഓർഡിനേറ്റ് ചെയ്യാനും ഇവർക്ക് ആനുകൂല്യം കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും നടപടികൾ സ്വീകരിക്കണം. തീരപ്രദേശത്തും ഗ്രാമപഞ്ചായത്തുകളിലും ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തണം. ഒരു കൊല്ലമായി പ്രീമിയം അടച്ചിട്ടും ഇൻഷ്വറൻസ് തുകയും കാർഡും നൽകാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

<u>റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ):</u>  സുനാമി ദുരിത ബാധിതർക്കായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേന

സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിന്റെ കാലാവധി മൂന്ന് വർഷവും വാർഷിക പ്രീമിയം 800 രൂപയുമാണ്. ഇതിൽ 500 രൂപ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായവും 300 രൂപ കേന്ദ്ര ധനകാര്യ മന്ത്രാലയ ത്തിന്റെ സബ്സിഡിയുമാണ്. സുനാമി ബാധിത പ്രദേശത്തെ വ്യക്തികളും കുടുംബങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ വരും. അസുഖം മൂലമോ അപകടം മൂലമോ ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്നവർക്ക് ദിവസേന 150 രൂപയും ഐ.സി.യു/ഐ.സി.സി.യു.-വിൽ പ്രവേശിക്കപ്പെടുന്നവർക്ക് ദിവസേന 300 രൂപയും നൽകുന്നതാണ്. കൂടാതെ സർജൻ, അനസ്തറ്റിസ്റ്റ്, മെഡിക്കൽ പ്രാക്ടീഷണർ, കൺസൾട്ടന്റ്, സ്പെഷ്യലിസ്റ്റ്, നേഴ്സിംഗ് ചെലവുകൾ എന്നിവയ്ക്കായി 4500 രൂപയും അനസ്തേഷ്യ, രക്തം, ഓക്സിജൻ, ഓപ്പറേഷൻ തിയേറ്റർ ചെലവുകൾ, സർജിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, എക്സ്റേ, ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോ തെറാപ്പി, പേസ് മേക്കർ, കൃത്രിമ അവയവങ്ങൾ എന്നിവയ്ക്കായി 4500 രൂപയും യാത്രാചെലവുകൾക്കായി ഒരുവർഷം പരമാവധി 200 രൂപയും നൽകു ന്നതാണ്. ഒരു വർഷത്തിൽ ആകെ 30,000 രൂപയുടെ ക്ളെയിമുകൾ മാത്രമേ അനുവദിക്കുകയുള്ളു. കുടുംബനാഥന് 25,000 രൂപയുടെ വ്യക്തിഗത ആക്സിഡന്റ് സുരക്ഷയും ലഭ്യമാണ്. യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിന്റെ നടത്തിപ്പിനായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്തതും ഇതിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതും കേന്ദ്ര സർക്കാരാണ്. ഈ മാനദണ്ഡ ങ്ങളിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് കഴിയില്ല. 133898 കുടുംബങ്ങൾക്ക് അർഹതയുള്ള 6,69,49,000 രൂപ ജില്ലാ കളക്ടർമാർക്ക്

അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിലെ അംഗങ്ങളുടെ എണ്ണം 158384 ആയി നിജപ്പെടുത്തിയിട്ടുണ്ടെന്നും കൂടുതൽ പേർക്ക് തുക അനുവദിക്കുവാൻ കഴിയില്ലെന്നും സംസ്ഥാന സർക്കാരിന്റെ കൈവശം ബാക്കിയുള്ള തുക ഇൻഷ്വറൻസ് സ്കീമിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത മലപ്പുറം, കാസർഗോഡ് ജില്ലകളിലെ അർഹരായിട്ടുള്ളവർക്കായി വിനിയോഗിക്കാവുന്നതാണെന്നും 26-05-2008-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ പ്രധാനമന്ത്രിയുടെ ഓഫീസിലെ ഡയറക്ടർ അറിയിക്കുകയുണ്ടായി. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി കുടുംബശ്രീയേയും സർക്കാരിതര സംഘടനകളേയും പങ്കെടുപ്പിച്ച് ഒരു സംസ്ഥാനതല യോഗം 10-06-2008-ന് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതിയിൽ തീരദേശത്തിന്റെ 5 കി.മീ. ചുറ്റളവിൽ വരുന്ന ആശുപത്രികളേയും മെഡിക്കൽ ഷോപ്പുകളേയും കൂടി ഉൾപ്പെടുത്തണമെന്ന് യൂണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. ആലപ്പുഴ ജില്ലയിൽ കാർഡുകൾ വിതരണം ചെയ്യാത്തതു സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. തീരദേശത്തെ അർഹരായവർക്ക് പരമാവധി പ്രയോജനം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ ആഴ്ചതന്നെ 9 ജില്ലകളിലും ബന്ധപ്പെട്ട സ്ഥലം എം.എൽ.എ.മാരും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഉൾപ്പെട്ട ജില്ലാതല കമ്മിറ്റി രൂപീകരിക്കാം.

(2) <u>പാരമ്പര്യ ആയുർവേദ വൈദ്യന്മാർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> കേരളത്തിൽ വളരെയധികം നിയമനിർമ്മാണങ്ങളുണ്ടായിട്ടുണ്ടെങ്കിലും വൈദ്യരംഗത്ത് പൊതുവായിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് വന്നിട്ടില്ല. 1953-ലെ ട്രാവൻകൂർ കൊച്ചിൻ ആക്ട് മലബാറിലെ പാരമ്പര്യ വൈദ്യന്മാർക്ക് ബാധകമല്ലാത്തതിനാൽ 1977-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ നടത്തിയ പരീക്ഷയിൽ വിജയിക്കുന്നവർക്ക് ചികിത്സിക്കാനും മരുന്ന് ഉല്പാദിപ്പിക്കാനും പ്രത്യേക ആനുകൂല്യമായി എൽ.3 ലൈസൻസ് അനുവദിക്കുകയുണ്ടായി. കേന്ദ്രസർക്കാരും എൽ.3 ലൈസൻസ് കൊടുക്കാൻ നിയമമുണ്ടാക്കി. എൽ.3 ലൈസൻസ് പ്രകാരം ഏതാണ്ട് 700-ഓളം പാരമ്പര്യ വൈദ്യൻമാരാണ് മലബാറിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നത്. 1953-ലെ ട്രാവൻകൂർ കൊച്ചിൻ ആക്ട് പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരോ രജിസ്റ്റർ ചെയ്യാത്തവരോ പ്രാക്ടീസ് ചെയ്യാൻ പാടില്ലെന്ന കോടതി വിധിയെത്തുടർന്ന് 2000-ൽ എൽ.3 ലൈസൻസ് നൽകുന്നതും 2005-ൽ ലൈസൻസ് പുതുക്കുന്നതും നിർത്തലാക്കി. പ്രസ്തുത ആക്ടിലെ 38-ാം വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുന്ന ആളിനോ നിശ്ചിത എണ്ണം ആളുകൾക്കോ ഇത് ബാധകമല്ലെന്ന് പറയുന്നുണ്ട്. അതനുസരിച്ച് മലബാറിലെ പാരമ്പര്യ വൈദ്യന്മാർക്ക് എൽ.3 ലൈസൻസ് അനുവദിക്കാൻ ഗവൺമെന്റിന് കഴിയുന്നതാണ്. വർഷങ്ങളായി പ്രാക്ടീസ് ചെയ്യുന്ന 500-ഓളം വരുന്ന പാരമ്പര്യ വൈദ്യൻമാരെ എൽ.3 ലൈസൻസ് ഇല്ലാത്തതുകൊണ്ട് വ്യാജ വൈദ്യന്മാരെന്നുപറഞ്ഞ് അവഹേളിക്കുകയോ പ്രാക്ടീസ് ചെയ്യാനുള്ള അവകാശം നിഷേധിക്കുകയോ ചെയ്യുന്നത് അവരോടുള്ള നീതിനിഷേധമാണ്. അതുകൊണ്ട് നേരത്തേ എൽ.3

ലൈസൻസുള്ളവർക്ക് തുടർന്നും അത് അനുവദിച്ചുനൽകാൻ ആവശ്യമായ നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത വിദ്യാഭ്യാസം പൂർത്തിയാക്കിയും നിശ്ചിത യോഗ്യത നേടിയും രജിസ്റ്റർ ചെയ്തവർക്കുമാത്രമേ രോഗികളെ ചികിത്സിക്കാനും ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കാനും അർഹതയുള്ളൂ. മലബാർ മേഖലയിലെ പാരമ്പര്യ വൈദ്യൻമാർ ഇത്തരത്തിലുള്ള യോഗ്യതയോ രജിസ്ട്രേഷനോ ഇല്ലാതെ ചികിത്സ നടത്തിവരികയായിരുന്നു. ഇതിനെ ചോദ്യം ചെയ്ത് ക്വാളിഫൈഡ് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരും പാരമ്പര്യ വൈദ്യന്മാരും സമർപ്പിച്ച കേസിൽ 1953-ലെ ആക്ടിലെ വ്യവസ്ഥയനുസരിച്ചു മാത്രമേ ലൈസൻസ് നൽകാൻ പാടുള്ളൂ എന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് നിശ്ചിത യോഗ്യതയും രജിസ്ട്രേഷനുമില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസുകൾ പുതുക്കി നൽകാതിരുന്നതും പുതിയ ലൈസൻസ് നൽകാതിരുന്നതും. ഇതിനെതിരെ പാരമ്പര്യ വൈദ്യ ഫെഡറേഷൻ സുപ്രീംകോടതിയിൽ കേസ് ഫയൽചെയ്തുവെങ്കിലും അതിന്മേൽ വിധിയുണ്ടായിട്ടില്ല. 1977-ലെ സർക്കാർ ഉത്തരവ് എന്താണെന്ന് പരിശോധിക്കുകയും വൈദ്യൻമാരുടെയും രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെയും പ്രതിനിധികളുമായി ചർച്ച നടത്തുകയും നിയമപരമായി എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

**സബ്മിഷൻ**

(1) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന വായ്പകൾ

ശ്രീ. പി. ജയരാജൻ: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ റാസ്മെക്ക് എന്ന പുതിയ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ബാങ്കിന്റെ ശാഖകൾ അപേക്ഷ സ്വീകരിക്കുകയും റാസ്മെക്ക് കേന്ദ്രങ്ങൾ അപേക്ഷയിൻമേലുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുമൂലം ഇടപാടുകാർ ലോൺ ആവശ്യങ്ങൾ നിറവേറ്റാൻ വളരെയധികം ദൂരം യാത്ര ചെയ്യേണ്ടി വരികയും കാലതാമസം നേരിടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പുതിയ പരിഷ്ക്കാരം അവസാനിപ്പിച്ച് നിലവിലുള്ള എല്ലാ ബാങ്കുകളിലും വായ്പാ സൗകര്യങ്ങൾ നിലനിർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ യുടെ എല്ലാ ശാഖകളിലും എല്ലാവിധ വായ്പാ അപേക്ഷകളും സ്വീകരിക്കു ന്നുണ്ടെന്നും അപേക്ഷകളുടെ പരിശോധനയും അനുവദിക്കലും ഡോക്യുമെന്റേഷനും വേഗതയിലാക്കുന്നതിനുവേണ്ടിയാണ് റാസ്മെക്കിൽ (Retail Assets and Small and Medium Enterprises Decree Credit Centre) കേന്ദ്രീകരിച്ചിട്ടുള്ളതെന്നും അതുവഴി വായ്പകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ടെന്നും പുതിയ സംവിധാനം എല്ലാ ശാഖകളിലും വ്യാപിപ്പിക്കുന്നകാര്യം പരിശോധിച്ചുവരികയാണെന്നുമാണ് ബാങ്ക് അധികൃതർ അറിയിച്ചിട്ടുള്ളത്.

(2) ചെറുകിട വ്യാപാരികളും അനുബന്ധ തൊഴിലാളികളും നടത്തുന്ന നിയമസഭാ മാർച്ച്

(ഈ വിഷയം സംവബന്ധിച്ച് ശ്രീമതി പി. അയിഷാപോറ്റി, ശ്രീ.വി.എൻ. വാസവൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. വി.എസ്.

സുനിൽ കുമാർ, ശ്രീ. പി.സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എം. മുരളി: 20 ലക്ഷത്തോളം വരുന്ന ചെറുകിട/ചില്ലറ വ്യാപാരികളും വ്യാപാര മേഖലയുമായി ബന്ധപ്പെട്ട 80 ലക്ഷത്തോളം വരുന്ന അനുബന്ധ തൊഴിലാളികളും അവരുടെ നിലനിൽപ്പിനുവേണ്ടിയുള്ള സമരത്തിന്റെ രണ്ടാംഘട്ടമായി ഇന്ന് തിരുവനന്തപുരം നഗരത്തിൽ കടകളടച്ച് നിയമസഭാ മാർച്ച് നടത്തുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളുടെ പേരിൽ ലൈസൻസെടുത്ത് വൻകിട അന്തർദ്ദേശീയ കുത്തകകളും കോർപ്പറേറ്റ് ഹൗസുകളും കേരളത്തിലെ നിത്യോപയോഗ സാധനങ്ങളും ഭക്ഷ്യസാധനങ്ങളുമുൾപ്പെടെയുള്ള വ്യാപാര രംഗം കീഴടക്കുന്നതു നിമിത്തം 80 ലക്ഷത്തോളം വ്യാപാരികളുടെ ഉപജീവന മാർഗ്ഗം ഇല്ലാതാവുകയാണ്. ഇവർക്ക് ലൈസൻസിനുള്ള എക്സ്റ്റൻഷൻ നൽകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കുമ്പോൾ കോടതിയും ട്രൈബ്യൂണലുകളുംവഴി എക്സ്റ്റൻഷൻ നേടിയെടുക്കുന്ന സാഹചര്യം നിരുത്സാഹപ്പെടുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. കെമിക്കൽ ഉപയോഗിച്ച് പഴങ്ങളും പച്ചക്കറികളും ചീത്തയാകാതെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സംബന്ധിച്ച് പഠിക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കണം. വൻകിട കുത്തക സംരംഭകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന ലൈസൻസ് റദ്ദാക്കാൻ സമഗ്രമായ നിയമം കൊണ്ടുവരണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 2001-ൽ കേന്ദ്ര സർക്കാർ കുത്തക നിയന്ത്രണ നിയമം എടുത്തു കളഞ്ഞതിന്റെ ഫലമായി വൻകിട

കുത്തകകൾക്കെതിരെയുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാകുകയും യഥേഷ്ടം അവർക്ക് ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് കടന്നുവരാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഹൈക്കോടതി ഉത്തരവു പ്രകാരം ഇവരെ നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരമില്ല. സംസ്ഥാനത്തെ ചെറുകിട വ്യാപാര വ്യവസായങ്ങളെ സംരക്ഷിക്കുവാനും വൻകിട കുത്തക ഷോപ്പിംഗ് കോംപ്ലക്സുകളെ നിയന്ത്രിക്കാനുംവേണ്ടി വൻകിട ഷോപ്പിംഗ് കോംപ്ലക്സുകാർക്ക് സർച്ചാർജ്ജടക്കമുള്ള നികുതികൾ ചുമത്തുവാനും സർച്ചാർജ്ജ് നിയമത്തിൽ ഭേദഗതി വരുത്തുന്ന ധനകാര്യ ബിൽ അംഗീകരിക്കുന്ന നടപടി അടക്കമുള്ള നിയമനിർമ്മാണം കൊണ്ടുവരാനും സർക്കാർ ആലോചിക്കുന്നതാണ്.

(3) മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കൊല്ലം-തിരുവനന്തപുരം തീരദേശ ജലപാതയുടെ മുടങ്ങിക്കിടക്കുന്ന പണികൾ അടിയന്തിരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്യുതാനന്ദൻ) കൊല്ലം-തിരുവനന്തപുരം തീരദേശ ജലപാതയുടെ വികസന പ്രവർത്തനങ്ങൾ 12-ാം ധനകാര്യ കമ്മിഷൻ അനുവദിച്ച പണമുപയോഗിച്ചാണ് നടന്നു വന്നിരുന്നതെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി തീരദേശ ജലപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തുകയും മുടങ്ങിക്കിടക്കുന്ന പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അനധികൃതമായി മണൽവാരുന്നത് തടയാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) ആടുവളർത്തൽ കേന്ദ്രം വെറ്ററിനറി സബ് സെന്ററായി ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: പാറശ്ശാല പഞ്ചായത്തിലെ പരശുവയ്ക്കൽ വില്ലേജിൽ അഞ്ചാലിക്കോണം ആടുവളർത്തൽ കേന്ദ്രം ഒരു വെറ്ററിനറി സബ് സെന്ററായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ): പാറശ്ശാല ഗ്രാമപഞ്ചായത്തിൽ ആർ.എ.ഐ.സി.-യുടെ കീഴിൽ പരശുവയ്ക്കലിൽ ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രവും (ഐ.സി.ഡി.പി.) അമ്പാടി സബ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. വാടകരഹിതമായി കെട്ടിടവും സബ് സെന്ററിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പാറശ്ശാല പഞ്ചായത്തിലെ പരശുവയ്ക്കലിൽ ഒരു സബ് സെന്റർ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(5) ഇഗ്നേഷ്യസ് സിൽവസ്റ്ററിന് വീട് വയ്ക്കുന്നതിന് ഭൂമി

ശ്രീ. വി. ശിവൻകുട്ടി: ദേശീയ ഫുട്ബാൾ താരമായ ഇഗ്നേഷ്യസ് സിൽവസ്റ്ററിന് വീട് വയ്ക്കാൻ ഭൂമി അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇഗ്നേഷ്യസ് സിൽവസ്റ്ററിന് വീട് വയ്ക്കാൻ തിരുവനന്തപുരത്ത് അനുയോജ്യമായ ഭൂമി . എത്രയും വേഗം കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ബാബു പോൾ: കൂത്താട്ടുകുളം നിയോജകമണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): കൂത്താട്ടുകുളം നിയോജകമണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(7) കടാശ്വാസ കമ്മിഷൻ മുഖേന കടം തിരിച്ചടച്ച കർഷകർക്കുകൂടി ആനുകൂല്യം

ശ്രീ. കെ.സി. ജോസഫ്: 2008 ജനുവരി മാസം കേരള ഗവൺമെന്റും സഹകരണവകുപ്പും സംയോജിതമായി ആവിഷ്ക്കരിച്ച 'ശതശതമാനം കേരളീയം പദ്ധതി'-യും 'കുടിശ്ശിക നിവാരണം കേരളീയം പദ്ധതി'-യും പ്രകാരം കടം തിരിച്ചടച്ച കർഷകരെക്കൂടി കടാശ്വാസ കമ്മിഷന്റെ പരിധിയിൽപ്പെടുത്തി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : 2008 ഫെബ്രുവരി മാസത്തിൽ കുടിശ്ശികയടച്ച കർഷകർക്ക് കേന്ദ്ര കടാശ്വാസ പദ്ധതിയുടെ പ്രയോജനം ലഭിക്കില്ലെന്ന വസ്തുത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രഖ്യാപിച്ച ദിവസംവരെയുള്ള കുടിശ്ശികയടച്ചതും അടയ്ക്കാത്തതുമായ എല്ലാ കടങ്ങളും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന കടാശ്വാസ കമ്മീഷന്റെ അവാർഡിന് അർഹതപ്പെട്ട കർഷകർക്കും ആശ്വാസമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) താണിശ്ശേരി കനാലിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ താണിശ്ശേരി ഭാഗത്തെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് താണിശ്ശേരി

കനാലിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : താണിശ്ശേരി കാവുപുറം റോഡ് മെച്ചപ്പെടാത്തതുമൂലമാണ് ഈ ഭാഗത്ത് വെള്ളക്കെട്ടുണ്ടാകുന്നത്. ഈ പണി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽപ്പെടുത്തി പൂർത്തിയാക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചു വരികയാണ്. വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിന് പ്രസ്തുത ക്രോസ് റോഡിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കേണ്ടതിന്റെ ആവശ്യമില്ല. തൃശ്ശൂർ കോൾ വികസന രണ്ടാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പാലത്തിന്റെ നിർമ്മാണവും അവൽച്ചിറ റോഡിൽ എം.എം. കനാലിന് കുറുകെ നിലവിലുള്ള വീതി കുറഞ്ഞ പാലവും റോഡും പൊളിച്ചു മാറ്റി കനാലിനനുസൃതമായ വീതിയോടുകൂടിയ പുതിയ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് താണിശ്ശേരി മേഖലയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(9) കടൽപ്പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻ പിള്ള : തിരുവനന്തപുരത്തെ വലിയതുറ കടൽപ്പാലം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : നൂറ് വർഷത്തിലേറെ പഴക്കമുള്ള വലിയതുറ കടൽപ്പാലത്തിലൂടെ കഴിഞ്ഞ 40 കൊല്ലമായി യാതൊരുവിധ തുറമുഖ പ്രവർത്തനങ്ങളും നടക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ ചാളത്തടിയുപയോഗിച്ച് മൽസ്യബന്ധനം

നടത്തുന്നതിനാണ് ഇപ്പോൾ ഈ പാലം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് പാലത്തിന്റെ കുറെ ഭാഗങ്ങൾ തകർന്നിട്ടുണ്ട്. കടൽപ്പാലത്തിന്റെ പഴക്കം കണക്കിലെടുത്ത് ഇതിനെ ഒരു ചരിത്ര സ്മാരകമാക്കാവുന്നതാണ്. സാംസ്ക്കാരികവകുപ്പും ടൂറിസം വകുപ്പുമായി ആലോചിച്ച് ഈ പാലത്തിന്റെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

(10) <u>പെരിയാർ മലിനീകരണം</u>

<u>ശ്രീ. വി.ഡി. സതീശൻ</u> : ആലുവയിൽ പെരിയാർ നദിയിലെ ജലം കഴിഞ്ഞ ആറു ദിവസമായി മാലിന്യം കലർന്ന് ചുവപ്പുനിറത്തിൽ ഒഴുകുകയാണ്. ഇതിനു പരിഹാരം കാണുന്നതിനായി പൊല്യൂഷൻ കൺട്രോൾ ബോർഡ് യാതൊരു നടപടിയും എടുക്കുന്നില്ല. ഈ നദിയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: പെരിയാർ നദിയിൽ ചുവപ്പുനിറം കാണുന്നതായ പത്രവാർത്തയെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ ലോഹങ്ങളുടേയും രാസ വസ്തുക്കളുടേയും അളവ് നിറം മാറ്റമുണ്ടാക്കാൻ പര്യാപ്തമായി കണ്ടില്ല. മൽസ്യനാശവും ഉണ്ടായിട്ടില്ല. നിറംമാറ്റത്തിന് കാരണം സിലിക്കയുടെ സാന്നിദ്ധ്യമാണെന്നു മനസ്സിലാക്കിയിട്ടുണ്ട്. പെരിയാറിൽ അടിക്കടി ഉണ്ടാകുന്ന നിറംമാറ്റത്തെ സംബന്ധിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്യാൻ പരിസ്ഥിതി വകുപ്പ് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(11) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: മഞ്ചേശ്വരം ഹൊസങ്കടിയിൽ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച കേരളത്തിലെ 67 റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ 11 എണ്ണം പൂർത്തീകരിക്കുകയും 10 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയുമാണ്. ആർ.ഒ.ബി-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു എങ്കിലും സാമ്പത്തികബാദ്ധ്യതമൂലം അതിന്റെ പ്രവർത്തനം നിലച്ചിരിക്കുക യാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പാലങ്ങളുടെ പണി ഏറ്റെടുത്ത് നടത്താനുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ വിവിധ തലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ മഞ്ചേശ്വരം ഹൊസങ്കടി റെയിൽവേ മേൽപ്പാലവും ഉൾപ്പെടുന്നതാണ്.

(12) ഫെഡറേഷൻ ഓഫ് ആൾ കേരള യൂണിവേഴ്സിറ്റി എംപ്ളോയീസ് ഓർഗനൈസേഷൻസ് നടത്തുന്ന ധർണ്ണ

ശ്രീ. കെ. ബാബു : കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമന ത്തിലെ അഴിമതി സി.ബി.ഐയെ-ക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടണമെന്നുമാവശ്യപ്പെട്ട് ഫെഡറേഷൻ ഓഫ് കേരള യൂണിവേഴ്സിറ്റി എംപ്ളോയീസ്

ഓർഗനൈസേഷൻ സെക്രട്ടേറിയേറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ല. യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ സി.ബി.ഐ അന്വേഷണം സംബന്ധിച്ച് ഗവൺമെന്റിന് ഒരു തീരുമാനമെടുക്കാൻ സാധിക്കില്ല.. അഴിമതിയുണ്ടായതായി കണ്ടെത്തിയാൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(13) തീരദേശറോഡ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.സി.എം. ദിനേശ്മണി : കായംകുളം-ഫോർട്ട് കൊച്ചി തീരദേശപാത നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ഫോർട്ട് കൊച്ചി മുതൽ കായംകുളംവരെ വിവിധ റീച്ചുകളിലായി നടന്നുവരുന്ന തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

(14) പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

ശ്രീമതി കെ.എസ്. സലീഖ : വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പഞ്ചായത്ത് ആഫീസ്

പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 11-ാം ധനകാര്യ കമ്മിഷൻ അനുവദിച്ച 12 ലക്ഷം രൂപ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(15) മൊസാദിന് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതു സംബന്ധിച്ച്

ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്: ഇസ്രയേൽ ചാരസംഘടനയായ മൊസാദിന് ഫോർട്ട് കൊച്ചിയിൽ ചില സൗകര്യങ്ങൾ ചെയ്തുകൊടുത്തതായി പത്രങ്ങളിൽ വന്ന വാർത്ത ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. കേരളത്തിന്റെ പ്രത്യേകതയും പാരമ്പര്യവും സംസ്ക്കാരവുമൊക്കെ സംരക്ഷിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇക്കാര്യത്തിൽ ബാഹ്യശക്തികളുടെ ഇടപെടലിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളിലെ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് എത്തുന്ന സഞ്ചാരികളുടെ കൂട്ടത്തിൽ ഇസ്രയേൽ പൗരന്മാരും ഉൾപ്പെടുന്നുണ്ട്. ഇവർക്ക് സംരക്ഷണം നൽകാനും നിരീക്ഷിക്കാനും ടൂറിസം പോലീസ്, ലോക്കൽ പോലീസ്, ഫ്ളൈയിംഗ് സ്ക്വാഡ് എന്നിവ രാപ്പകൽ നിതാന്തജാഗ്രതയിലാണ്. മൊസാദിന് ഇൻഡ്യാ ഗവൺമെന്റ് സഹായം ചെയ്തുകൊടുത്തുവെന്നുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിച്ച് കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്നതാണ്.

(16) <u>ആർ.സി.സി.യിൽ റെയിൽവേ ടിക്കറ്റ് കൗണ്ടർ</u>

<u>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : ആർ.സി.സി.യിൽ റെയിൽവേ ടിക്കറ്റ് കൗണ്ടർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>) : ആർ.സി.സി.യിൽ റെയിൽവേ ടിക്കറ്റ് കൗണ്ടർ ആരംഭിക്കുന്നതു സംബന്ധിച്ച് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജരുമായി ചർച്ച നടത്തുകയും കമ്പ്യൂട്ടർ റിസർവേഷൻ സിസ്റ്റം, 'ഇ' ടിക്കറ്റിംഗ് തുടങ്ങിയ ആധുനിക സംവിധാനം നിലവിൽ വന്നതോടുകൂടി പുതിയ സെന്ററിന്റെ ആവശ്യമില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(17) <u>ദ്വീപുകളെ ബന്ധിപ്പിക്കുന്ന പാലം</u>

<u>ശ്രീ.സി.കെ.പി. പത്മനാഭൻ</u> : കണ്ണൂർ ജില്ലയിലെ തേറലായി-കോറലായി ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): തേറലായി-കോറലായി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അലൈൻമെന്റും പ്ളാനും എൽ.ബി.എസ്.-ൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസൈനും പുതിയ എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(18) <u>മുറ്റിച്ചൂർക്കടവ് പാലം</u>

<u>ശ്രീ.ടി.എൻ. പ്രതാപൻ</u> : തൃശ്ശൂർ ജില്ലയിലെ കനോലി കനാലിനു കുറുകെ നബാർഡിന്റെ സഹായത്തോടുകൂടി ആരംഭിച്ച മുറ്റിച്ചൂർക്കടവ്

പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : മുറ്റിച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 40 ശതമാനം പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(19) റഹ്നാസിന് നേരെ നടന്ന പീഡനം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: പേരാവൂർ നിയോജക മണ്ഡലത്തിൽ ആയിപ്പുഴയിൽ റഹ്നാസ് എന്ന പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച പിതാവ് ഉൾപ്പെടെയുള്ള സാമൂഹ്യദ്രോഹികൾക്കെതിരെ ശക്തമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കുന്നതിനും പെൺകുട്ടിക്കും മാതാവിനും സംരക്ഷണം കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. ഇതിനായി നിലവിലുള്ള നിയമത്തിലെ പോരായ്മകൾ പരിഹരിക്കാൻ നിയമഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):കേരളീയ സംസ്ക്കാരത്തെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള ഒരു സംഭവമാണ് റഹ്നാസ് എന്ന പെൺകുട്ടിക്കുനേരെ നടന്നത്. ഈ സംഭവത്തിൽ കുട്ടിയെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ കുട്ടിയുടെ പിതാവ് ഹാരിസ് തുടങ്ങി 9 പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയും രണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയുമാണ്. ഈ

കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിയമഭേദഗതി സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റ് ചർച്ച നടത്തിവരികയാണ്. സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സംസ്ഥാനത്തെ ബസ് ചാർജ് വർദ്ധനവ് സംബന്ധിച്ച് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തി.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV -പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം
(804,14,17,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX -വൈദ്യുത പദ്ധതികൾ
(104,61,05,000 രൂപ)

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെ യുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ എ.പി. അനിൽകുമാർ, വി.ഡി. സതീശൻ, കെ.സി.ജോസഫ്, ആര്യാടൻ മുഹമ്മദ്, ടി.എൻ. പ്രതാപൻ, എം.എ. വാഹീദ്, എൻ.ശക്തൻ, കെ. ശിവദാസൻ നായർ, എം. മുരളി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. വേണുഗോപാൽ, ബി. ബാബു പ്രസാദ്, ജോർജ് മേഴ്സിയർ, തോമസ് ഉണ്ണിയാടൻ, തോമസ് ചാഴികാടൻ, കെ.കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, അബ്ദുറഹിമാൻ രണ്ടത്താണി, വി.കെ. ഇബ്രാഹിം കുഞ്ഞ്, കെ. ബാബു, ജി. കാർത്തികേയൻ, വർക്കല കഹാർ, പ്രൊഫ. എൻ. ജയരാജ്, പ്രൊഫ. കെ.വി.തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. വി. ഡി. സതീശൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ വൈദ്യുതിരംഗം സമീപകാലത്തായി ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ഒരാഴ്ച മഴ പെയ്യാതിരുന്നാൽ ലോഡ്ഷെഡ്ഡിംഗ്, രണ്ടാഴ്ച മഴപെയ്യാതിരുന്നാൽ പവർകട്ട് എന്ന രീതിയിലാണ് സർക്കാർ

മുന്നോട്ടു പോകുന്നത്. രണ്ടാഴ്ച മഴപെയ്തില്ലെങ്കിൽ വെയിലത്ത് ഉരുകിപ്പോകുന്ന ഐസുകട്ടയായി വൈദ്യുതി ബോർഡ് മാറിയിരിക്കുന്നു. ആസൂത്രണത്തിലും വൈദ്യുതി ജനറേഷനിലുമുണ്ടായ ഗുരുതരമായ വീഴ്ചകളാണ് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം. വ്യവസായ ശാലകൾക്ക് 25 ശതമാനം പവർകട്ട് ഏർപ്പെടുത്തുന്നതോടുകൂടി ഒട്ടുമിക്ക വ്യവസായ ശാലകളും അടച്ചുപൂട്ടേണ്ടി വരും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ജനറേഷനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി ഉത്ഘാടനം ചെയ്തതല്ലാതെ ഒരു മെഗാവാട്ട് വൈദ്യുതി പോലും പുതിയതായി ഉൽപാദിപ്പിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പല പദ്ധതികളും മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. പന്നിയാറിൽ പെൻസ്റ്റോക്ക് പൈപ്പ് പൊട്ടിയപ്പോൾ മെയിന്റനൻസ് നടത്താത്തതിനാൽ കക്കാടും മണിയാറും പന്നിയാറും ഉൾപ്പെടെ എല്ലാ സ്ഥലത്തെയും ജനറേഷൻ നിലയ്ക്കുകയാണുണ്ടായത്. 65 മെഗാവാട്ട് പള്ളിവാസൽ പ്രോജക്ടിന്റെ വർക്ക് അവാർഡ് ചെയ്തതിനു ശേഷം ഡിസൈനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തുന്നതിന്റെ ഫലമായി 250 കോടി രൂപയുടെ പദ്ധതി 500 കോടി രൂപയായാലും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിച്ചേരും. നിലമ്പൂരിലെ ആഢ്യൻപാറ പദ്ധതിയുടെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. ബാരാപോൾ പദ്ധതിയുടെ പ്രൈസ് ബിഡ് ഓപ്പൺ ചെയ്തതിനുശേഷവും എസ്റ്റിമേറ്റ് തിരുത്തുന്നതിനുള്ള പഠനവും ഗവേഷണവും നടത്തുന്നത് കരാർ നിബന്ധനയുടെ നഗ്നമായ ലംഘനമാണ്. ജിയോളജിസ്റ്റിന്റെ റിപ്പോർട്ടനുസരിച്ച് ബാരാപോൾ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാങ്കേതിക പ്രശ്നങ്ങൾ ഉണ്ട്. ചെങ്കുളം

ആഗ്മെന്റേഷൻ സ്കീം റീ-ടെൻഡർ ചെയ്തപ്പോൾ 26 കോടി രൂപയിൽ നിന്ന് 38 കോടി രൂപയായി വർദ്ധിച്ചു. തോട്ടിയാർ പദ്ധതിയുടെ വർക്ക് അവാർഡ് ചെയ്തിട്ട് യന്ത്രസാമഗ്രികളുടെ വിവരം പോലും കമ്പനി ഇതുവരെ ബോർഡിനെ അറിയിച്ചിട്ടില്ല. മൂഴിയാർ അടക്കമുള്ള സംസ്ഥാനത്തെ 16 ജനറേറ്ററുകളുടെ മെയിന്റനൻസ് നടത്താത്തതുമൂലം 1000 മെഗാവാട്ട് വൈദ്യുതി ജനറേറ്റ് ചെയ്യുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. എച്ച്.ഐ.സി. ഇൻഷിപ്പ് എന്ന ചൈനീസ് കമ്പനിക്ക് ഗ്ലോബൽ ടെൻഡർ വിളിക്കാതെ എം.ഒ.യു. റൂട്ടിൽ കൊടുത്തതിന്റെ ഫലമായി 40 കോടി രൂപയുടെ നഷ്ടം വന്നതായി എ.ജി.യുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി ഉൽപാദന രംഗത്ത് നടക്കുന്ന കെടുകാര്യസ്ഥതയും നിഷ്ക്രിയത്വവും അഴിമതിയുമാണ് സംസ്ഥാനത്തെ ഗുരുതരമായ വൈദ്യുതി പ്രതിസന്ധിക്ക് കാരണം. സർക്കാരും വൈദ്യുതി ബോർഡും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയുണ്ടായിരിക്കുന്നു. വൈദ്യുതി പ്രതിസന്ധി വരുമ്പോൾ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാനും പവർകട്ട് ഏർപ്പെടുത്തണമെന്നു പറയുമ്പോൾ അത് റാറ്റിഫൈ ചെയ്യാനുമുള്ള ഒരു ബോഡി മാത്രമായി സംസ്ഥാന സർക്കാർ തരംതാണിരിക്കുന്നു. വൈദ്യുതി ബോർഡിന്റെ തീരുമാനങ്ങളെ റാറ്റിഫൈ ചെയ്യാനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുകയാണ് സർക്കാർ. ട്രാൻസ്മിഷൻ ലോസ് കുറച്ചുകൊണ്ടും ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ടും പവർകട്ടും ചാർജ്ജ് വർദ്ധനയും ഒഴിവാക്കണം.

<u>ശ്രീ. പി. ജയരാജൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാരിനു സാധിച്ചു. കേന്ദ്രാവിഷ്ക്കൃത

പദ്ധതികളുൾപ്പെടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മുൻവർഷ ങ്ങളിലേതിനേക്കാൾ കൂടുതൽ തുക കഴിഞ്ഞ രണ്ടുവർഷം കൊണ്ട് ചെലവഴിക്കുകയുണ്ടായി. വസ്തുതകൾ പരിശോധിക്കാതെ പുകമറ സൃഷ്ടിക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. പട്ടികവർഗ്ഗക്കാർക്കുള്ള ചികിൽസാസഹായത്തിന് തുക അനുവദിച്ചു. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകി. ആറളം ഫാമിൽ ഈ സർക്കാരിന്റെ കാലത്ത് ഭൂമി കയ്യേറ്റം നടന്നിട്ടില്ല. അവിടെ 1717 ഏക്കർ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ചു നൽകി. ആറളം ഫാമിൽ പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ലഭ്യമായ ഫണ്ടുപയോഗിച്ച് വീട് നിർമ്മിച്ചു നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. പതിച്ചുനൽകിയതിനു ശേഷം അധികമുള്ള ഭൂമിയിൽ കൃഷി ഫാം രൂപീകരിച്ച് ആദിവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കണം. കണ്ണൂർ ജില്ലയിൽ ആലക്കോട്, ചിറ്റാരിപ്പറമ്പ് കോളനിക ളിൽ പതിച്ചുനൽകിയ ഭൂമി അളന്ന് അതിര് തിരിച്ച് നൽകണം. തളിപ്പറമ്പിൽ അനുവദിക്കപ്പെട്ട ട്രൈബൽ ആഫീസ് ട്രൈബൽ പോപ്പുലേഷൻ കൂടുതലുള്ള ആലക്കോട് സ്ഥാപിക്കണം. വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തിനെതിരായ നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് വർഷംകൊണ്ട് 50 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിച്ചു. ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കാനുള്ള പരിശ്രമം നടത്തണം. സംസ്ഥാനത്തെ ജലവൈദ്യുതപദ്ധതികൾ മെച്ചപ്പെടുത്തി വൈദ്യു തോൽപ്പാദനം വർദ്ധിപ്പിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫലപ്രദമായ പല പദ്ധതികളുമായി സർക്കാർ മുന്നോട്ടു പോകുമ്പോൾ യു.ഡി.എഫ്. അതിന് തടയിടാൻ ശ്രമിക്കരുത്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പവർ കട്ട് ഏർപ്പെടുത്തിയതിന് തൊട്ടുപിന്നാലെയാണ് ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജ് വർദ്ധനവിനു കൂടി ഒരുങ്ങിയിരിക്കുന്നത്. സംസ്ഥാനത്ത് വേനൽമഴ ലഭിച്ചപ്പോൾ അധികമായി ഉൽപ്പാദിപ്പിച്ച ഇലക്ട്രിസിറ്റി, വിൽപ്പന നടത്തിയ ബോർഡിന്റെ പിടിപ്പുകെട്ട നടപടിയുടെ പരിണത ഫലമാണ് പവർകട്ട്. 2006-07 മുതൽ 2008 ജൂലൈ മാസമൊഴികെ തുടർച്ചയായി കോടിക്കണക്കിന് യൂണിറ്റ് വൈദ്യുതിയാണ് ഇപ്രകാരം വിറ്റത്. ജനറേറ്ററുകൾക്ക് കേടുപാടു സംഭവിക്കുകയും ഉൽപ്പാദനം തടസ്സപ്പെടുകയും ചെയ്യുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. നാശനഷ്ടങ്ങളുണ്ടാകാതിരിക്കാൻ അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. സംസ്ഥാനത്ത് വൈദ്യുതി ദൗർലഭ്യംമൂലം വ്യവസായങ്ങൾ തുടങ്ങാനോ മുതൽമുടക്കാനോ ആരും തയ്യാറാകുന്നില്ല. സംസ്ഥാനത്തെ ഉപഭോക്താക്കൾക്കും വ്യവസായ സംരംഭങ്ങൾക്കുമാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം. സ്വകാര്യ മേഖലയിലെ വൈദ്യുതോൽപ്പാദനം പ്രോൽസാഹിപ്പിക്കണം. വർഷങ്ങളായി അപേക്ഷ സമർപ്പിച്ച് കണക്ഷന് കാത്തിരിക്കുന്ന മലപ്പുറത്തുള്ള അപേക്ഷകർക്ക് ഇലക്ട്രിസിറ്റി കണക്ഷൻ നൽകണം. ട്രാൻസ്ഫോർമറുകളും മറ്റ് മെറ്റീരിയൽസും നൽകുന്ന കാര്യത്തിൽ മലപ്പുറം ജില്ലയോടുള്ള അവഗണന അവസാനിപ്പിക്കണം. ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് ഫീൽഡ് സ്റ്റാഫിനെ നിയമിക്കണം. ബോർഡിലെ ലൈൻമാൻ, മസ്ദൂർ, സബ് എൻജിനീയർ എന്നീ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തണം. അരീക്കോട്, കീഴ്ശ്ശേരി, ചേളാരി, വള്ളുവമ്പ്രം

സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കണം. വാഴയൂർ പഞ്ചായത്തിൽ ഒരു സെക്ഷൻ ആഫീസ് അനുവദിക്കണം. വൈദ്യുതി ബോർഡിലെ പരാതികൾ സ്വീകരിക്കാൻ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തണം. വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് വകുപ്പുമന്ത്രി തയ്യാറാകണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സാകുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ ആരംഭിച്ചിട്ടുള്ള പുതിയ അംഗൻവാടികളിൽ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനും ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും അധിക തുക അനുവദിക്കണം. അംഗൻവാടികളിലെ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയിൽ നിന്ന് എം.എൽ.എ.മാരെ ഒഴിവാക്കിയത് പുന:സ്ഥാപിക്കണം. വൃദ്ധജനങ്ങളുടെ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകുകയും അവർക്കുവേണ്ടി ഓരോ പഞ്ചായത്തിലും ഓരോ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യണം. വികലാംഗരുടെ നിയമനം വേഗത്തിലാക്കുന്നതോടൊപ്പം ഇവർക്കുള്ള സംവരണ ക്വാട്ട തികയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. അന്ധർ, വിധവകൾ, മാനസിക രോഗികൾ, മന്ദബുദ്ധികൾ എന്നിവരെ സംരക്ഷിക്കാൻ പ്രത്യേകം പദ്ധതികൾ കൊണ്ടുവരണം. മാനസികാരോഗ്യ കേന്ദ്രങ്ങൾ നന്നാക്കുന്നതിനും അവിടെ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സമയത്ത് ബസ് ചാർജ്ജും വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർദ്ധിപ്പിക്കുന്നത് ജനങ്ങളെ ബുദ്ധിമുട്ടിലാക്കും.

<u>ശ്രീ. എൻ.രാജൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉൽപാദന പ്രസരണ വിതരണ രംഗങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് വളരെ കാര്യക്ഷമമായി ഇലക്ട്രിസിറ്റി ബോർഡ് മുന്നോട്ടുപോവുകയാണ്. പ്രസരണ, വിതരണ രംഗത്തെ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതിച്ചോർച്ച തടയുന്നതിനും ഇലക്ട്രിസ്റ്റി ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം തടയുന്നതിനായി ആലുവ, കോഴിക്കോട്, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ആന്റി തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരികയാണ്. ഇലക്ട്രിസ്റ്റി ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിനായി കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും 11 കെ.വി. ലൈൻ കൂടുതൽ സ്ഥാപിച്ച് എച്ച്.ടി. ലൈനുമായിട്ടുള്ള അനുപാതത്തിൽ കൊണ്ടുവരികയും ചെയ്യണം. കൂടുതൽ ട്രാൻസ്ഫോർമറുകളും കപ്പാസിറ്ററുകളും സ്ഥാപിക്കുകയും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് 3628 കി.മീ. 11 കെ.വി. ലൈൻ സ്ഥാപിക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. വിതരണ രംഗത്ത് 1065 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. 4000 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കേന്ദ്രം വൈദ്യുതി വിഹിതം വെട്ടിക്കുറച്ചതും മഴയുടെ ലഭ്യതക്കുറവുമാണ് ലോഡ് ഷെഡ്ഡിംഗിന്റെ കാരണങ്ങൾ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപാദിപ്പിച്ചു. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 2009 മാർച്ചിൽ കമ്മീഷൻ ചെയ്യും.

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ പണി നടക്കുകയാണ്. ഡാമുകളിലെ പഴക്കമുള്ള മെഷീനുകളുടെ മെയിന്റനൻസ് പണികൾ നടത്താൻ നടപടി സ്വീകരിക്കണം. പന്നിയാർ പെൻസ്റ്റോക്ക് ചോർച്ച മൂലം വൈദ്യുതി ഉൽപാദനം സ്തംഭിച്ചത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുകയും പെൻസ്റ്റോക്ക് പരിശോധന ശക്തിപ്പെടുത്തുകയും ചെയ്യണം. മെയിന്റനൻസ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കണം. മൂഴിയാർ 300 മെഗാവാട്ട് പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുന്നത് പരിശോധിക്കണം. തെന്മലവരെ വന്നുനിൽക്കുന്ന കൂടംകുളം 400 കെ.വി.ലൈനിന്റെ പണി പൂർത്തീകരിക്കണം. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണം. 11 കെ.വി സബ്സ്റ്റേഷനുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണത്തിലും വർദ്ധനയുണ്ടാകണം. ബോർഡിനുകീഴിലുള്ള ഇരുപത്തയ്യായിരത്തോളം വരുന്ന പെൻഷൻകാർക്ക് 2003 മുതൽ നൽകേണ്ട പെൻഷൻ വർദ്ധന നടപ്പിലാക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ ഡെഫിസിറ്റും പ്രസരണ വിതരണ നഷ്ടവും കുറയ്ക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ശക്തവും ചിട്ടയുള്ളതുമായ പ്രവർത്തനത്തിന്റെ അഭാവം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമത ഇല്ലാതാക്കി. തകരാർ സംഭവിച്ച മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും പുതിയ മീറ്ററുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം. പൊതുമേഖലാ സ്ഥാപനമായ കൊല്ലം മീറ്റർ കമ്പനി നൽകുന്ന മീറ്ററുകളുടെ ക്വാളിറ്റി പരിശോധിക്കണം. ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗത്തിൽപ്പെട്ട സ്വകാര്യ വാണിജ്യ

വ്യവസായ സ്ഥാപനങ്ങൾ ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള കുടിശ്ശിക യുദ്ധകാലാടിസ്ഥാനത്തിൽ പിരിച്ചെടുക്കണം. വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഡാം സേഫ്റ്റി അതോറിറ്റി നിഷ്ക്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കണം. മൂഴിയാറിൽ മരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിക്കണം. പദ്ധതി പ്രദേശങ്ങളിലെ ഉദ്യോഗസ്ഥരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനും നടപടിയുണ്ടാകണം. സംസ്ഥാനത്തെ മുഴുവൻ അണക്കെട്ടുകളുടേയും പവർ ഹൗസുകളുടേയും സുരക്ഷയ്ക്കായി സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷാ ഉപകരണങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കണം. മൂലമറ്റത്തെ ഒരു ജനറേറ്റർ നിലച്ചതുകാരണം ഇടുക്കിയിൽനിന്നുള്ള വൈദ്യുതി ഉൽപാദനം കുറഞ്ഞിരിക്കുകയാണ്. ആർ.ജി.ജി.വി.വൈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കൂടംകുളം പദ്ധതിയിൽനിന്നും വൈദ്യുതി ലഭ്യമാക്കണം. കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ എസ്.സി./എസി.ടി. വിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കണം. അവർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുകയോ തുക വർദ്ധിപ്പിക്കുകയോ ചെയ്യണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഊർജ്ജസുരക്ഷിതത്വം രാജ്യത്തിന്റെ വികസനത്തിന്റെ ചൂണ്ടുപലകയാണ്. നമ്മുടെ ഊർജ്ജ ലഭ്യതയെക്കുറിച്ച് നമുക്ക് നിശ്ചയമില്ല. ജലവൈദ്യുത പദ്ധതികളെമാത്രം ആശ്രയിക്കാതെ കാറ്റിൽ നിന്ന് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കണം.

കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടി വ്യാപകമാക്കണം. മൈക്രോ ഹൈഡൽ പ്രോജക്ടുകളുടെ എണ്ണം വർദ്ധിപ്പിക്കണം. പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ ശാസ്ത്രീയമായ പരിപാടികൾ ആവിഷ്ക്കരിക്കണം. പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ റിനോവേഷനും മോഡണൈസേഷനും കാലാകാലങ്ങളിൽ റിവ്യൂ ചെയ്യണം. നല്ലളം, ബ്രഹ്മപുരം പോലുള്ള നിലയങ്ങളെ മോഡണൈസ് ചെയ്യണം. സി.എഫ്.എൽ. ബൾബുകൾ വാങ്ങി ഉപഭോക്താക്കൾക്ക് ബോർഡ്തന്നെ വിതരണം ചെയ്ത് വൈദ്യുതി ഉപഭോഗം ലാഭിക്കണം. ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യണം. ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് ജലസംഭരണികളിലെ വെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്തണം. ഊർജ്ജസംരക്ഷണം ശീലമാക്കുകയും മിസ് മാനേജ്മെന്റ് തടയുകയും വേണം. അങ്കമാലി ഡിവിഷനിൽ 110 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കണം. ജലവൈദ്യുത പദ്ധതികളിൽ നിന്നും ചെലവുകുറഞ്ഞ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വൈദ്യുതി കൃത്യമായി ലഭിക്കാത്തതിനാലും, മഴയില്ലാത്തതിനാൽ ഡാമുകളിൽ വെള്ളമില്ലാത്തതിനാലും കേന്ദ്രപൂളിൽ നിന്ന് അർഹതപ്പെട്ട വൈദ്യുതി ലഭിക്കാത്തതിനാലുമാണ് അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നതെന്ന സത്യം പ്രതിപക്ഷം മനസ്സിലാക്കണം. കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയണം. കേന്ദ്രപൂളിൽ നിന്ന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കണം. ഈ ഗവൺമെന്റ്

വന്നതിനുശേഷം വൈദ്യുതിമോഷണം നിയന്ത്രിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. കാറ്റിൽനിന്നും കുറഞ്ഞചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം.

<u>ശ്രീ. സി.കെ. സദാശിവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനംകൊണ്ട് കഴിഞ്ഞ രണ്ട് വർഷവും ലോഡ്ഷെഡ്ഡിംഗും പവർക്കട്ടുമില്ലാതെ കേരളത്തെ മുന്നോട്ടു നയിക്കാൻ സാധിച്ചു. കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചതും, കാലവർഷം കുറഞ്ഞതും, മൂഴിയാർ അപകടവും ശബരിഗിരി-കക്കാട് പദ്ധതികൾ പ്രവർത്തനരഹിതമായതുമാണ് ഇപ്പോൾ പീക്ക്ലോഡ് സമയത്ത് അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്താൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച ഘടകങ്ങൾ. സ്വകാര്യ കമ്പനിക്ക് കെ.എസ്.ഇ.ബി. യെ അടിയറവയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം ആപത്താണ്. കേന്ദ്രനയം പാവപ്പെട്ടവന് വൈദ്യുതി അപ്രാപ്യ മാക്കുമെന്നതിൽ സംശയമില്ല. വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ പിടിച്ചുനിർത്താനുള്ള ഈ ഗവൺമെന്റിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേന്ദ്ര നയത്തിനെതിരെ ചെറുത്തുനിൽക്കാൻ നാം തയ്യാറാകണം. രണ്ടു വർഷംകൊണ്ട് 932000 വൈദ്യുതി കണക്ഷനുകൾ നൽകി. ആലപ്പുഴ-ഇരിങ്ങാലക്കുട-മങ്കട മണ്ഡലങ്ങളിലെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. 3628 കിലോമീറ്റർ 11 കെ.വി. ലൈൻ വലിച്ചു. നിരവധി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുന്നതിൽ ഈ ഗവൺമെന്റ് രാജ്യത്തിനുതന്നെ മാതൃകയായി. വരുന്ന മൂന്നുവർഷംകൊണ്ട് 500

മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികളുമായി മുന്നേറുന്നു. ഒറീസയിൽ ആയിരം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നിലയത്തിന് കേന്ദ്രാനുമതി ലഭ്യമാക്കി. കൽക്കരി ഖനനത്തിനുള്ള കമ്പനികൾ രൂപീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു. അട്ടപ്പാടിയിലും രാമയ്ക്കൽമേട്ടിലും നടപ്പിലാക്കിയ കാറ്റാടിയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി വിഹിത വിനിയോഗത്തിൽ ചരിത്ര നേട്ടം കൈവരിച്ചിരിക്കുകയാണ്. അംഗൻവാടി മേഖലയിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുകയും ജീവനക്കാരുടെ ഓണറേറിയവും പെൻഷനും വർദ്ധിപ്പിക്കുകയും ചെയ്തു. രണ്ടര വർഷമായിട്ടും സച്ചാർ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യാൻ പോലും കഴിയാത്ത കേന്ദ്ര ഗവൺമെന്റിന് മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാൻ യാതൊരു അവകാശവുമില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2006-07-ൽ പട്ടികജാതി വകുപ്പിനനുവദിച്ച ഫണ്ടിൽ 91 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിനനുവദിച്ച ഫണ്ടിൽ 85 ശതമാനവും ചെലവഴിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3496 പേർക്ക് വിവാഹ ധനസഹായം കൊടുത്തു. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് കേന്ദ്ര ഗവൺമെന്റ് നൽകിയ ഫണ്ടിൽനിന്നും 12.71 കോടി രൂപ പട്ടികജാതി വികസന വകുപ്പിനുവേണ്ടി ചെലവഴിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 493917

കുട്ടികളുടെയും ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട 168537 കുട്ടികളുടെയും ഒ.ബി.സി./എസ്.ഇ.ബി.സി. വിഭാഗത്തിൽ 98088 കുട്ടികളുടെയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ കഴിഞ്ഞ നടപടി ശ്ലാഘനീയമാണ്. ജൂൺ മാസം ആദ്യവാരത്തിൽത്തന്നെ ലംപ്സം ഗ്രാന്റ് കൊടുത്തു കഴിഞ്ഞു. അഖിലേന്ത്യാ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ധനസഹായവും നൽകി. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും ആനുകൂല്യങ്ങൾ നൽകി കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കി. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നതവിജയം കൈവരിക്കാൻ കഴിഞ്ഞു. 91 പ്രീ-മെട്രിക് ഹോസ്റ്റലുകളും 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 18 മോഡൽ റസിഡൻഷ്യൽ ഹോസ്റ്റലുകളും നവീകരിക്കുന്നതിന് 10.22 കോടി രൂപ ചെലവഴിച്ചു. 2165 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചു. പൂർത്തീകരിക്കാതെ കിടന്നിരുന്ന 24744 വീടുകളുടെ പണി പൂർത്തീകരിക്കുകയും ഇലക്ട്രിഫിക്കേഷൻ നടത്തിക്കൊടുക്കുകയും ചെയ്തു. കാലപ്പഴക്കംചെന്ന വൈദ്യുതി ലൈനുകൾ മാറ്റി പുതിയവ സ്ഥാപിച്ച് ബോർഡിനുണ്ടാകുന്ന പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കണം. പട്ടികജാതി വിഭാഗ

ത്തിൽപ്പെട്ടവർ നടത്തുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പവർകട്ടിൽനിന്നും ഒഴിവാക്കണം.

<u>ശ്രീ. കെ. കെ. ഷാജു:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു എന്നിവിടെ ചില മെമ്പർമാർ പറഞ്ഞു, പക്ഷേ അവ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കാറുള്ളതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള മുഴുവൻ കടങ്ങളും കാർഷിക കടത്തിന്റെ പട്ടികയിൽ കൊണ്ടുവന്ന് എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണം. എസ്.സി/എസ്.ടി വിഭാഗക്കാരുടെ ഫണ്ട് വക മാറ്റി ചെലവഴിച്ചു. എം.പി. ഫണ്ട് ചെലവഴിച്ചിട്ടില്ല. എസ്.സി./എസ്.ടി വിഭാഗത്തിന്റെ ജാതി സർട്ടിഫിക്കറ്റ് ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ കാലപരിധി ഉയർത്താൻ പാടില്ല. കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഴയ കാലത്ത് സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് ഇപ്പോഴും മീറ്റർ ചാർജ്ജ് ഈടാക്കുന്നത് അവ സാനിപ്പിക്കണം. കേരളത്തിലെ എസ്.സി./എസ്.ടി വിഭാഗങ്ങളുടെയും പാവപ്പെട്ടവരുടെയും ഉന്നമനത്തിനും ജീവിത പുരോഗതിക്കുംവേണ്ടി കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന കാര്യത്തിൽ ഈ സർക്കാർ പരാജയപ്പെട്ടു.

<u>ശ്രീ എം.കെ. പുരുഷോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തഴയപ്പെട്ട ജനവിഭാഗങ്ങൾക്ക് ആശയും പ്രതീക്ഷയും അംഗീകാരവും നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. കേരളത്തിലെ എസ്.സി./എസ്.ടി വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി ഉപയോഗിക്കേണ്ട ഫണ്ട് പാഴാക്കിക്കളയുന്ന ദു:സ്ഥിതിക്ക് പരിഹാരം

ഉണ്ടാക്കി. എസ്.സി.പി, എസ്.റ്റി പി. ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ റിക്കോർഡ് വിജയം നേടാൻ കഴിഞ്ഞു. കേന്ദ്ര പദ്ധതി സഹായം സുതാര്യത യോടുകൂടി വിനിയോഗിക്കുന്നതിന് സാധിച്ചു. അഴിമതി ഇല്ലാതാക്കി. യു. ഡി.എഫ്. ഭരണകാലത്ത് നടന്ന ആദിവാസി സമരത്തിൽ മരണമടഞ്ഞ ജോഗി യുടെ കുടുംബത്തെ സഹായിക്കാനും മകൾക്ക് ഗവൺമെന്റ് ജോലി നൽകാനും നടപടി സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ആറളത്തെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുകയും അവർക്ക് വീടുവയ്ക്കുന്നതിന് 13 കോടി രൂപ നൽകുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗ്രാമീണമേഖലയിൽ ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പി ക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശോച്യാവസ്ഥ യിലായിരുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലു കളും സ്കൂളുകളും നന്നാക്കാൻ നടപടി സ്വീകരിച്ചു.

ശ്രീ. പി.ടി.എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.യിൽ നിന്നും പിരിച്ചുവിട്ട 114 സിവിൽ എഞ്ചിനീ യർമാരെ തിരിച്ചെടുത്ത് അവരുടെകൂടി സഹായത്തോടുകൂടി പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുകയും 10 വർഷംകൊണ്ട് 3000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തത് സ്വാഗതാർഹമായ നടപടിയാണ്. പട്ടികജാതി-പട്ടികവർഗ്ഗ-പി ന്നോക്ക വിഭാഗങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തിക്കൊ ണ്ടുവരാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ പരാജയപ്പെടുത്താനുള്ള സംഘടിത ശ്രമങ്ങളാണ് ഇന്ന് നടക്കുന്നത്. എന്തെല്ലാം പ്രചാരണങ്ങൾ നടത്തിയാലും

ഈ ഗവൺമെന്റിന്റെ പിന്നിൽ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക ജനവിഭാഗങ്ങൾ ഉറച്ചുനിൽക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ബി.ഡി. ദേവസ്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ആഗോളവൽക്കരണ നയങ്ങൾ പട്ടികജാതിക്കാരുടെ ജീവിതത്തിൽ ദുരിതം വിതയ്ക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെയും സിവിൽ സർവ്വീസിനേയും തകർക്കുകയും സംവരണത്തിലൂടെ തൊഴിൽ ലഭിക്കാനുള്ള ദുർബല ജനവിഭാഗങ്ങളുടെ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ആഗോളവൽക്കരണത്തെ ചെറുത്തു തോല്പിച്ചുകൊണ്ട് ദുർബല ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതികൾ സമയബന്ധിതമായി ആവിഷ്ക്കരിക്കാനും പൂർത്തീകരിക്കാനും കഴിയാത്തതിനാൽ ഓരോ വർഷവും കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടാതെ പോകുന്നു. പിന്നോക്ക ജനവിഭാഗങ്ങളുടെ സാഹചര്യങ്ങളും ആവശ്യകതയും കണക്കിലെടുത്ത് അനുയോജ്യമായ പദ്ധതികൾ യഥാസമയം ആവിഷ്ക്കരിക്കാനും അത് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം നടത്താനും ഇടത്തട്ടുകാരെ ഒഴിവാക്കി പദ്ധതികളുടെ ഗുണഫലം അർഹിക്കുന്നവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കഴിഞ്ഞാൽ മാത്രമേ പിന്നോക്കവിഭാഗക്ഷേമം യാഥാർത്ഥ്യമാവുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പണം കൃത്യമായി വിനിയോഗിക്കാനും ശ്രമിച്ചിട്ടുണ്ട്. ചാലക്കുടി

നിയോജകമണ്ഡലത്തിലെ പെരിങ്ങൽക്കുത്ത്, ഷോളയാർ, ആനക്കയം തുടങ്ങിയ പദ്ധതി പ്രദേശങ്ങളിലെ ആദിവാസികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് വൈദ്യുതി നൽകിയത്. 75 ആദിവാസി കൾക്ക് വീട് നൽകുന്നതിനും പദ്ധതി പ്രദേശത്ത് വർഷങ്ങളായി താമസി ക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനും കൈവശാവകാശരേഖ കൊടുക്കുന്നതിനും അവർക്ക് സംരക്ഷണം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആദിവാസി കളുടേയും പട്ടികജാതിക്കാരുടേയും വിവിധ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ സ്വാഗതാർഹമാണ്. വൈദ്യുതി രംഗത്ത് സംസ്ഥാനം ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നു. പീക്ക്ലോഡ് സമയത്തെ വൈദ്യുതി ഉപയോഗം വർദ്ധിച്ചതും കാലവർഷം ചതിച്ചതും കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി വിഹിതം വെട്ടിക്കുറച്ചതും മൂഴിയാർ അപകടത്തെത്തുടർന്ന് ശബരിഗിരി, കക്കാട് ജലവൈദ്യുത പദ്ധതികൾ അടച്ചിടേണ്ടിവന്നതുമാണ് ലോഡ് ഷെഡ്ഡിംഗിന് ഇടയാക്കിയത്. ടെണ്ടർ ചെയ്ത അതിരപ്പിള്ളിയുൾപ്പെടെ 5 പദ്ധതികൾ എത്രയുംവേഗം പൂർത്തീകരിച്ചാൽ മാത്രമേ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിരപ്പിള്ളി പദ്ധതി നടപ്പാക്കിയാൽ 163 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയും. വർഷകാലത്ത് ഉപയോ ഗമില്ലാതെ പോകുന്ന വെള്ളം ആഗ്മെന്റേഷൻ സ്കീംവഴി ഇടമലയാറി ലേയ്ക്ക് കൊണ്ടുപോകുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ.പി. അനിൽകുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുതകുന്ന ഒട്ടവധി ക്ഷേമ പ്രവർത്തനങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷംകൊണ്ട് നടപ്പിലാക്കി എന്ന വാദത്തോട് പൂർണ്ണമായും വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും പ്രവർത്തനഫലമായി ഈ രംഗത്ത് കുറച്ചു മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുകയും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മാനേജുമെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്നവർക്ക് ആദ്യവർഷം ഫീസ് സൗജന്യം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. .കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റവുമായി തട്ടിച്ചു നോക്കുമ്പോൾ ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിജയശതമാനം കുറയാനുള്ള കാരണമെന്താണെന്നു പരിശോധിക്കണം. വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് കടന്നുവരാനുള്ള സാഹചര്യം സൃഷ്ടിക്കണം. മോഡൽ റസിഡൻഷ്യൽ . സ്കൂളുകളിൽ 100 ശതമാനം വിജയം കൈവരിക്കാൻ കഴിഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിലേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലേയും വിദ്യാർത്ഥികൾക്ക് എൻട്രൻസ് എക്സാമിനേഷന് പ്രത്യേകം കോച്ചിംഗ് കൊടുക്കുന്നതിന് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കണം.. കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട്

ലോഡ് ഷെഡിംഗ് ഒഴിവാക്കാനാവശ്യമായ ബദൽ സംവിധാനങ്ങൾക്ക് രൂപം നല്കണം. താപനിലയങ്ങളിൽ നിന്നുണ്ടാകുന്ന പരിസര മലിനീകരണം മുൻകൂട്ടി കാണണം. ആണവോർജ്ജത്തിന്റെ പ്രാധാന്യം മനസ്സിലാക്കണം. അതിനെ രാഷ്ട്രീയമായി കാണാൻ ശ്രമിക്കരുത്. ചൈനയുൾപ്പെടെയുള്ള രാജ്യങ്ങൾ വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കാൻ ന്യൂക്ലിയർ പവർ ഉപയോഗിക്കുമ്പോൾ ഇന്ത്യ ആണവോർജ്ജക്കരാറിൽ ഒപ്പിട്ടാൽ അതു അമേരിക്കയ്ക്കു കീഴടങ്ങലാണെന്നു പറയുന്നത് ബാലിശമാണ്. പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതോല്പാദനത്തിനായി പുതിയ മേഖലകൾ കണ്ടെത്തണം. ബസ് ചാർജ്ജ്, വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ വർദ്ധിപ്പിച്ച് സാധാരണക്കാരിൽ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്.

<u>ശ്രീ. ബി. രാഘവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി കാണാൻ പ്രതിപക്ഷം ശ്രമിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചു വർഷം പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ലഭിച്ച പണം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. സകല മേഖലകളിലും ആ ഗവൺമെന്റ് പരാജയമായിരുന്നു. ഇക്കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി വകയിരുത്തിയ തുകയിൽ 82.4 ശതമാനവും ചെലഴിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ആദിവാസികളുടെയും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെയും പാർപ്പിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞു.

ആഗോളവൽക്കരണത്തിന്റെ ഫലമായി കാർഷികമേഖല അന്യം നിൽക്കുകയാണ്. പൊതുമേഖല സ്വകാര്യവൽക്കരിക്കപ്പെടുന്നതിന്റെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ സംവരണം നിഷേധിക്കപ്പെടുകയാണ്. എസ്.എസ്.എൽസി, പ്ലസ് ടു തലങ്ങളിൽ വിജയശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഏകജാലക സംവിധാനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും കൂടുതൽ ലഭിക്കുന്നത് പട്ടികജാതി/ പട്ടികവർഗ്ഗക്കാരായ കുട്ടികൾക്കാണ്. യു.ഡി.എഫ്.ന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ രംഗത്ത് ഇന്ന് കലാപങ്ങൾ സൃഷ്ടിക്കുകയാണ്. ചാന്നാർ സമരവും അരുവിപ്പുറം പ്രതിഷ്ഠയും വൈക്കം സത്യാഗ്രഹവും ജന്മികുടിയാൻ വ്യവസ്ഥയുമൊക്കെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് മനസ്സിലാക്കാനുള്ള അവസരങ്ങൾ ഇന്നത്തെ കുട്ടികൾക്ക് ലഭ്യമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ സ്റ്റൈപ്പന്റ് 50 ശതമാനം വർദ്ധിപ്പിച്ചു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ആദിവാസികൾക്കും ദളിത് വിഭാഗങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും ആശ്വാസകരമായ ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് മുൻ ഗവണ്മെന്റ് വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കണം. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കണം. മന്ദബുദ്ധികളുടെയും വികലാംഗരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. വൃദ്ധജനങ്ങളെ പരിചരിക്കാനും സംരക്ഷണം നൽകാനുമുള്ള സംവിധാനം ഏർപ്പെടുത്തണം. അംഗൻവാടികൾക്കും ബാലവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ടാക്കാൻ ഫണ്ട് അനുവദിക്കണം. അഭ്യസ്ത വിദ്യരായ

ചെറുപ്പക്കാർക്ക് ചെറുകിട വ്യവസായം ആരംഭിക്കത്തക്ക വിധത്തിലുള്ള ഒരു മൈക്രോ ഫൈനാൻസിംഗ് സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. ആദിവാസികൾ ഉൾപ്പെടെയുള്ള ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കാനുതകുന്ന നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്..

ശ്രീ. പള്ളിപ്രം ബാലൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ് ഗവൺമെന്റാണ് കേരളത്തിൽ ആദ്യമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഒരു പ്രത്യേകവകുപ്പ് രൂപീകരിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ വായ്പത്തുക വർദ്ധിപ്പിക്കണം. വായ്പയെടുത്ത് വീട് പൂർത്തിയാക്കാൻ കഴിയാത്തവർക്ക് സഹായം നൽകണം. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ആറ് കോടി രൂപയോളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിൽസാ സഹായമായി നൽകുകയും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ ചികിൽസയ്ക്കുള്ള സൗകര്യമേർപ്പെടുത്തുകയും ചെയ്തു. റവന്യൂ വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നൽകുന്നതിലുള്ള അപാകതകൾ പരിഹരിക്കണം.. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പിഴപ്പലിശ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം. ജീവനക്കാർക്ക് ഇൻസെന്റീവ് നൽകിയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തണം. ആണവകരാറിനെ സംബന്ധിച്ച് തുറന്ന ചർച്ചയ്ക്ക് അവസരമൊരുക്കണം.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 6731 പുതിയ അംഗൻവാടികൾ ആരംഭിക്കാനും സൂപ്പർവൈസർമാരുടെ 137 പുതിയ തസ്തികകൾ സൃഷ്ടിക്കാനും 15000 പേർക്ക് ജോലി നൽകാനും കഴിഞ്ഞു. വികലാംഗരുടെ നിയമനം പി.എസ്.സി-ക്ക് വിടാൻ തീരുമാനമെടുക്കുകയും പെൻഷൻ 200 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. അംഗൻവാടി ടീച്ചേഴ്സിന് പെൻഷൻ കൊടുക്കാൻ നടപടി സ്വീകരിക്കണം. ആദിവാസികൾ ഒരുമിച്ച് താമസിക്കുന്ന ഇടമലക്കൂടിയിൽ റോഡ് സൗകര്യമേർപ്പെടുത്തി വാഹനമെത്തിക്കാനും പട്ടയം നൽകിയവർക്ക് ഭൂമി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വൈദ്യുതി വിൽപ്പനയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ശരിയായ ആസൂത്രണം നടത്തിയിട്ടുണ്ട്. വൈദ്യുതി അപേക്ഷാ ഫാറത്തിന്റെ പേജുകൾ കുറയ്ക്കുകയും എൻക്വയറി കൗണ്ടർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും ബി.പി.എൽ വിഭാഗക്കാരുടേയും മിനിമം ഗ്യാരന്റിയും കുടിശ്ശികയും എഴുതിത്തള്ളി. കുടിവെള്ള പദ്ധതിയുടെ താരിഫ് കുറച്ചു. അടഞ്ഞുകിടന്ന വ്യവസായ സ്ഥാപനങ്ങളുടെ മിനിമം ഗ്യാരന്റി എഴുതിത്തള്ളിയതുമൂലം പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി തിരികെ ലഭിച്ചു. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി വ്യാപിപ്പിക്കണം. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്.

ശ്രീ.കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇലക്ട്രിസിറ്റി ചാർജ്ജ്, ബസ് ചാർജ്ജ് എന്നിവ വർദ്ധിപ്പിക്കുകയും പവർകട്ട് ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ഗവൺമെന്റ് ജനങ്ങളെ അങ്ങേയറ്റം ദുരിതത്തിലാക്കിയിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് ഫലപ്രദമായ പ്ളാനിംഗ് ഇല്ലാതെ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇത്തരം ദു:സ്ഥിതി ഉണ്ടാകുന്നത്. പൂർണ്ണമായും ജനറേഷൻ നടക്കുന്ന ഒരു പ്രോജക്ടും ഇന്ന് കേരളത്തിലില്ല. 24 ജനറേറ്ററുകൾ പ്രവർത്തിക്കുന്നില്ല. മൂഴിയാർ പെൻസ്റ്റോക്ക് പൈപ്പ് പൊട്ടിയതിനെത്തുടർന്ന് അന്വേഷണത്തിന് നിയോഗിച്ച കമ്മിറ്റിയുടെ ഒരു ശുപാർശപോലും ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഒരു പ്രോജക്ടിലും മെയിന്റനൻസ് നടക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. വൈദ്യുതിയുടെ കാര്യത്തിൽ 2007-08 വർഷത്തിൽ ഒരു അച്ചീവ്മെന്റും നടന്നിട്ടില്ല. ക്വാളിറ്റി കുറഞ്ഞ കമ്പോണന്റ്സ് വാങ്ങി അസംബിൾ ചെയ്തുകൊടുക്കുന്നതുകൊണ്ടാണ് കൊല്ലം മീറ്റർ കമ്പനിയിൽനിന്ന് വാങ്ങുന്ന മീറ്ററുകൾ കേടാകുന്നത്. ഭൂമിയില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഒരു സെന്റ് ഭൂമിപോലും പുതിയതായി കണ്ടെത്തി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കഴിഞ്ഞ രണ്ടു വർഷക്കാലംകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഐ.സി.ഡി.എസ്സുമായി ബന്ധപ്പെട്ട് 6722 അംഗൻവാടികൾ പുതിയതായി തുടങ്ങുകയും അതുവഴി 13444 സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. അംഗൻവാടി വർക്കർമാരുടേയും

ഹെൽപ്പർമാരുടേയും വേതനം പുതുക്കി നിശ്ചയിക്കാനും അംഗൻവാടികൾക്ക് ആവശ്യമായ ഫർണിച്ചറും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യാനും സാധിച്ചു. വയോജന നയം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. സ്ത്രീകൾക്കുവേണ്ടി വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽതേടി വരുന്ന ചെറുപ്പക്കാരായ സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് തിരുവനന്തപുരത്തും എറണാകുളത്തും വൺഡേ ഹോം തുടങ്ങിക്കഴിഞ്ഞു. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ജുവനൈൽ ഹോമിന്റെ പേര് ചിൽഡ്രൻസ് ഹോം എന്നാക്കി മാറ്റുകയും അവിടുത്തെ കുട്ടികൾക്ക് നല്ല വസ്ത്രങ്ങൾ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമായി യോജിച്ച് 'കിഷോരിശക്തി യോജന' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനി ച്ചിട്ടുണ്ട്. വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുകയും വികലാംഗ കോർപ്പറേഷൻ വഴി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഐക്കോൺ പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിച്ചു. വയോജന പെൻഷൻ 250 രൂപയായി വർദ്ധിപ്പിച്ചു. 140 നിയോജക മണ്ഡലങ്ങളിലുമുള്ള ഓരോ അംഗൻവാടികളെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററാക്കി അപ്ഗ്രേഡ് ചെയ്യാൻ ആലോചിക്കുകയാണ്. അംഗൻവാടികളിലെ എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് കൊടുത്തുകൊണ്ട് ആരോഗ്യ പരിരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മികച്ച പ്രവർത്തനം കാഴ്ച

വയ്ക്കുന്ന ഐ.സി.ഡി.എസ്. പ്രവർത്തകർക്കും അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും അവാർഡ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജെണ്ടർ ബോർഡ് വളരെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. സാമൂഹ്യമായി പ്രയാസം അനുഭവിക്കുന്നവർക്കും കാൻസർ രോഗബാധിതരായ കുട്ടികൾക്കും സൗജന്യ ചികിത്സ നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കാൻ തീരുമാനിച്ചു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ജില്ലാതല ആഫീസുകൾ ഒരു കേന്ദ്രത്തിലാക്കി മാറ്റാനും ജയിലിൽ കഴിയുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും മറ്റുമായി സാമ്പത്തിക ആനുകൂല്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ വൻനഗരങ്ങളിൽ സ്ത്രീകൾക്ക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടുക്കിയിൽ മഹിളാ മന്ദിരം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിവയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വയനാട്ടിൽ മഹിളാ മന്ദിരം സ്ഥാപിക്കാനും തിരുവനന്തപുരത്ത് ചാക്കയിലുള്ള കെയർ ഹോമിനും കൊല്ലം ആഫ്റ്റർ കെയർ ഹോമിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രായപൂർത്തിയായ മാനസിക വൈകല്യമുള്ളവരെ താമസിപ്പിക്കുന്ന മലപ്പുറം ജില്ലയിലെ തവനൂരിലുള്ള പ്രതീക്ഷാ ഭവൻ ആധുനികവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന മാനസിക വൈകല്യം ബാധിച്ച കുട്ടികൾക്കായുള്ള കേന്ദ്രം നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ദുരിതാശ്വാസ നിധി രണ്ട് കോടി രൂപയായി ഉയർത്തി ചികിത്സാ സഹായം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വികലാംഗരുടെ ഐഡന്റിറ്റി കാർഡ്

വിതരണം ത്വരിതപ്പെടുത്താനും വികലാംഗ കമ്മിഷണറേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് അർഹരായ എല്ലാ ആളുകൾക്കും ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ ഫണ്ട് ദുരുപയോഗമോ അഴിമതിയോ ഉണ്ടായിട്ടില്ല എന്നത് ഒരു നേട്ടമായി കാണുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ ജീവനക്കാരും ഭരണ-പ്രതിപക്ഷഭേദമെന്യേ ജനപ്രതിനിധികളും നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 97 ശതമാനം പട്ടികജാതിക്കാർക്കും 93 ശതമാനം പട്ടികവർഗ്ഗക്കാർക്കും വികസനമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും കിട്ടുന്ന അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഇപ്പോൾ കൃത്യമായി വിനിയോഗിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് ഒറ്റ ഉദ്യോഗസ്ഥനും പ്രതിയായ കേസ്സ് ഉണ്ടായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാതെ കിടന്ന 8000 വീടുകൾ പൂർത്തീകരിച്ചു. 20165 വീടുകൾ ഡിപ്പാർട്ടുമെന്റ് വഴി പാസ്സാക്കിയതിൽ 11500 വീടുകൾ പൂർത്തീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുന്ന പണം ചെലവഴിക്കാതെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തും കോർപ്പറേഷനും ചില സ്ഥലങ്ങളിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലും 85 ശതമാനം പ്രോഗ്രസ്സ് ഉണ്ടായി എന്നത് സർക്കാരിന്റെ നേട്ടമാണ്. ഫണ്ട് വിനിയോഗത്തിൽ വീഴ്ചവരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളോട്

വിശദീകരണം ചോദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. മുൻ സർക്കാർ വകമാറ്റി ചെലവഴിച്ച തുക തിരിച്ച് പിടിച്ച് പരിഹാരത്തുക എന്ന രൂപത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 7037 ഭൂരഹിത ആദിവാസികൾക്ക് കൈവശരേഖയും ഭൂമിയും കൊടുക്കുകയും 2546 പട്ടിക കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള ഭൂമി വാങ്ങാൻ ധനസഹായം നൽകുകയും ചെയ്തു. 10.5 കോടി രൂപ ചെലവഴിച്ച് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം വെള്ളയമ്പലത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഒരു മോഡൽ സ്ഥാപനമാണ്. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡെൻഷ്യൽ സ്കൂളുകളുടെ കെട്ടിടം പണി പൂർത്തീകരിച്ചു. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ-അട്ടപ്പാടി എം.ആർ.എസ്-ന്റെ ഒന്നാംഘട്ടവും വടശ്ശേരിക്കര, ഇടുക്കി, ഞാറനീലി, ചാലക്കുടി എം.ആർ.എസ്സ്-കളുടെ പുതിയ കെട്ടിടം പണിയും പൂർത്തീകരിച്ചു. കാസറഗോഡ് വിദ്യാനഗറിൽ പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇടമലയാറിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി 2 പ്രീ-മെട്രിക് ഹോസ്റ്റലുകൾ നവീകരിച്ച് കൈമാറിയിട്ടുണ്ട്. വയനാട് ജില്ലയിലെ നൂൽപ്പുഴ എം.ആർ.എസ്-ന്റെ രണ്ടാംഘട്ട പണി പൂർത്തീകരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എന്നിവ നടത്തുന്ന സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് അതാത്

സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ (2004–2005 മുതൽ) അനുവദിച്ചു. സ്വാശ്രയ കോളേജിലെ എം.സി.എ, ആയുർവേദ നേഴ്സിംഗ്, ആയൂർവേദ ബി.ഫാം വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ.ടി.തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസാനുകൂല്യം അനുവദിച്ചു. അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി ഹോട്ടൽ മാനേജ്മെന്റ്, ഫാഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾക്കും ലാറ്ററൽ എൻട്രി വഴി എഞ്ചിനീയറിംഗ്, ബി.ഫാം കോഴ്സുകൾക്കും പ്രവേശനം ലഭിക്കുന്നവർക്ക് ഫീസാനുകൂല്യവും എസ്.ഇ.ബി.സി.യിൽ പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യവും നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് 50 ശതമാനം വർദ്ധിപ്പിച്ചു. ആദിവാസികൾക്കായി സമ്പൂർണ്ണ വൈദ്യ സഹായ പദ്ധതി നടപ്പിലാക്കി. 41367 പേർക്ക് 6.87 കോടി രൂപ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ ധനസഹായമായി നൽകി. പട്ടികജാതിക്കാരായ കർഷകർക്ക് കൃഷിഭൂമി വാങ്ങാൻ 50,000 രൂപവരെ സബ്സിഡി നൽകുന്ന പദ്ധതിക്ക് രൂപം കൊടുത്തു. റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥൻ ശ്രീ.പി.കെ. ശിവാനന്ദൻ ചെയർമാനായി പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം സജീവമാക്കി. വനിതാ സ്വയംസഹായ സംഘങ്ങൾക്ക് പരമാവധി ഒന്നേകാൽ ലക്ഷം രൂപ ഗ്രാന്റായി നൽകുന്ന പദ്ധതി നടപ്പിലാക്കി. ആദിവാസികളുടെ തനത് കലാരൂപങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി എറണാകുളത്ത് ട്രൈബൽ കോംപ്ലക്സ് നിർമ്മിക്കാനുള്ള അനുമതി നൽകി. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മുടങ്ങിക്കിടന്ന 'പടവുകൾ'

എന്ന മാസികയുടെ പുന:പ്രസിദ്ധീകരണം ആരംഭിച്ചു. ആദിവാസികളുടെ വൈദ്യുത കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളി. ആദിവാസി നാടൻകലാമേളയും പ്രദർശന വിപണന മേളയും സംഘടിപ്പിച്ചു. കേരളീയ നവോത്ഥാനത്തിന്റെ രാജശില്പിയായ അയ്യങ്കാളിയുടെ പേരിൽ 'അയ്യങ്കാളിഭവൻ' ഉത്ഘാടനം ചെയ്യാനും വെങ്ങാനൂരിൽ അയ്യങ്കാളി സ്മാരകം നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും.പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്കായി തിരുവനന്തപുരത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 9 എം.ആർ.എസ്.-കളിൽ പ്ലസ് വൺ കോഴ്സ് ആരംഭിക്കും. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലും, കീഴ്മാട് (എറണാകുളം), പുന്നപ്ര (ആലപ്പുഴ), തൃത്താല (പാലക്കാട്), എന്നീ എം.ആർ.എസ്.-കളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി (തൃശ്ശൂർ), പട്ടുവം (കണ്ണൂർ), മൂന്നാർ (ഇടുക്കി), വടശ്ശേരിക്കര (പത്തനംതിട്ട), നൂൽപ്പുഴ (വയനാട്) എന്നീ എം.ആർ.എസ്-കളിലും ഈ വർഷം പ്ലസ് ടൂ തുടങ്ങാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പാലക്കാട്-തൃശ്ശൂർ ജില്ലകളിൽ 2 ഇംഗ്ലീഷ് മീഡിയം എം.ആർ.എസും കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ എം.ആർ.എസ്.-ഉം ആരംഭിക്കും. പാലക്കാടും കണ്ണൂരും പാരാമെഡിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ട് സ്ഥാപിക്കും. കോട്ടയം നേഴ്സിംഗ് കോളേജിന്റെ പണിയും തൃശ്ശൂർ മെഡിക്കൽ കോളേജിലെ പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഈ വർഷം ആരംഭിക്കും. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ മറ്റ് പിന്നോക്ക വിഭാഗ

വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ ആരംഭിക്കും. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കുളത്തുപ്പുഴ, നിലമ്പൂർ എം.ആർ.എസ്.-കൾക്ക് പുതിയ കെട്ടിട നിർമ്മിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തെ വലിയശാലയിലുള്ള ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ആറ്റുകാലിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിനും മണ്ണന്തലയിൽ പുതിയ ഹോസ്റ്റൽ മന്ദിരങ്ങൾ ആരംഭിക്കും. കോട്ടയം ജില്ലയിലെ നാട്ടകം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കും. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്വന്തമായി കെട്ടിടമില്ലാത്ത 37 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 8 എണ്ണത്തിന് ഈ വർഷം തന്നെ കെട്ടിടം നിർമ്മിക്കും. 150 വിദ്യാർത്ഥിനികൾക്ക് താമസിക്കാൻ കഴിയുന്ന പുതിയ ഹോസ്റ്റൽ ബ്ളോക്ക് തിരുവനന്തപുരത്ത് ഈ വർഷം ആരംഭിക്കും. അധിക കേന്ദ്ര സഹായമായി ലഭിച്ച 181 ലക്ഷം രൂപ ചെലവഴിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇനിയും അനുവദിക്കും. പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം സമയബന്ധിതമായി നൽകുന്നതിനും ദുരുപയോഗം തടയുന്നതിനും ബാങ്കുകൾ മുഖാന്തിരം നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് ഈ വർഷം മുതൽ നാല് മാസത്തെ സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മുൻകൂറായി നൽകും. മാതൃകാ ഐ.ടി.സി.കളുടെ വികസനത്തിന് നടപടികൾ സ്വീകരിക്കും. 5000 പട്ടിക ജാതി കുടുംബങ്ങൾക്ക് ഈ വർഷം ഭവന നിർമ്മാണ ധനസഹായം കൂടുതലായി നൽകും. ഭൂരഹിതരായ 2000 പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കും.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ വർഷം 1000 വീടുകൾ അനുവദിക്കും. പട്ടികവർഗ്ഗ വിഭാഗക്കാർക്കായി മുമ്പ് അനുവദിച്ചതും പണി പൂർത്തീകരിക്കാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായം നൽകും. പട്ടികജാതി വിഭാഗക്കാർക്ക് പഞ്ചായത്ത് പ്രദേശത്ത് ഭവന നിർമ്മാണത്തിന് കുറഞ്ഞത് 3 സെന്റ് ഭൂമി വേണമെന്ന നിബന്ധന മാറ്റി 2 സെന്റ് ഭൂമി മതിയെന്നാക്കിയിട്ടുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കല്ലാടി, ചക്ളിയൻ എന്നീ പട്ടികജാതി വിഭാഗക്കാരിൽപ്പെട്ട 800 കുടുംബങ്ങളുടെ പുനരധിവാസത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അധിക കേന്ദ്ര സഹായ വിഹിതത്തിൽ നിന്ന് 9.3 കോടി രൂപ അനുവദിക്കും. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്കായി രണ്ടു കോടി രൂപയുടെ പ്രത്യേക അടിസ്ഥാന സൗകര്യ വികസന പദ്ധതി ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് നടപ്പാക്കും. ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ട 2557 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും കുടിവെള്ളം, വൈദ്യുതി, റോഡ്, ആശുപത്രി, തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും. ത്രിതല പഞ്ചായത്തുകളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട്, വകുപ്പുതല ഫണ്ട് എന്നിവ സംയോജിപ്പിച്ച് 60 കോടി രൂപയുടെ ഒരു പദ്ധതിക്കാണ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. ആദിവാസി പുനരധിവാസത്തിനായി നടപ്പു വർഷം അധിക കേന്ദ്രസഹായമായി ലഭിച്ച 5 കോടി രൂപ ഉൾപ്പെടെ 20 കോടി രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നത്. 6.57 ലക്ഷം രൂപ ചെലവിൽ കുടിവെള്ളക്ഷാമം ഉള്ള പട്ടികജാതി കോളനികളിൽ പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കും. ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത 105

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഈ വർഷം തന്നെ വൈദ്യുതീകരണം പൂർത്തീകരിക്കും. കടം എഴുതിത്തള്ളുന്ന കൃഷിക്കാരുടെ നിർവ്വചനത്തിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കും. എം.എൽ.എ.മാർ ശുപാർശ ചെയ്താൽ ആദിവാസികളുടെ ചികിൽസാ സഹായം അവരുടെ വീട്ടിലെത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതി രംഗം ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. വൈദ്യുതി പ്രതിസന്ധി മുന്നിൽകണ്ടുകൊണ്ട് 2000 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 10 വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന വൈദ്യുതിപദ്ധതികൾക്കാണ് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്.

കൽക്കരിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഒറീസ്സ, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങൾ ചേർന്ന് ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. നേര്യമംഗലം 25 കെ.വി. സബ്സ്റ്റേഷനും, കുറ്റ്യാടി ടെയിൽ റേസ് (കെ.ടി.ആർ.) പദ്ധതിയും പൂർത്തിയാക്കി. കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷൻ, പള്ളിവാസൽ എക്സ്റ്റെൻഷൻ എന്നീ പദ്ധതികളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിരപ്പിള്ളി, പാത്രക്കടവ് പദ്ധതികൾ കേന്ദ്രനയം മൂലം തടസ്സപ്പെട്ടു. കൂടംകുളത്ത് 266 മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിന് 400 കെ.വി. പവർ ഹൈവേ ആവശ്യമാണ്. 2008 ജനുവരി 1-വരെ അപേക്ഷിച്ച എല്ലാപേർക്കും ഇലക്ട്രിസിറ്റി കണക്ഷൻ നൽകാൻ നടപടികൾ എടുത്തു. വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടി 3628 കി.മീ. 11 കെ.വി. ലൈനുകളും 4679 ട്രാൻസ്ഫോർമറുകളും 16022 എൽ.ടി. ലൈനുകളും സ്ഥാപിച്ചു.

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ 304 കോടി രൂപയുടെ സിറ്റി ആട്ടോമേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള 1239 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. റവന്യൂ ഗ്യാപ് കുറച്ചുകൊണ്ടുവരാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്താൻ 38 പുതിയ സെക്ഷൻ ഓഫീസുകൾ, ആറ് ഡിവിഷൻ ഓഫീസുകൾ, നാല് സബ് ഡിവിഷൻ ഓഫീസുകൾ എന്നിവ പുതുതായി ആരംഭിച്ചു. ഇലക്ട്രിസിറ്റി ബില്ലിംഗിന് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ കൂട്ടായ്മയോടെ 'ഒരുമ' എന്ന പേരിൽ ഒരു കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഏർപ്പെടുത്തി. എല്ലാ സെക്ഷൻ ഓഫീസുകളിലും എൻക്വയറി കൗണ്ടർ സംവിധാനം ഏർപ്പെടുത്തി. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ മിനിമം ഗ്യാരന്റി എഴുതിത്തള്ളാൻ തീരുമാനിച്ചു. മീറ്റർ കമ്പനി, ട്രാക്കോ കേബിൾ, കെൽ തുടങ്ങി ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. 'ഒരു ബൾബ് അണയ്ക്കു, വൈദ്യുതി ലാഭിക്കൂ' പരിപാടിയിലൂടെ 200 മെഗാവാട്ടോളം വൈദ്യുതി ലാഭിക്കാൻ സാധിച്ചു. വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. ഹൈഡൽ ടൂറിസത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. മഴ ലഭിക്കാത്തതുകൊണ്ടാണ് ലോഡ് ഷെഡിംഗ് അനിവാര്യമായത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലും ഒരു കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതാണ്. ഇതിനുള്ള പദ്ധതികൾ അംഗങ്ങൾക്കു തന്നെ

സമർപ്പിക്കാവുന്നതാണ്. ഇതുവഴി ഉണ്ടാകുന്ന 140 കോടി രൂപയുടെ ബാധ്യത കെ.എസ്.ഇ.ബി.ക്കാണ്. അതിരപ്പിള്ളി ജല വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. ടെണ്ടർ ചെയ്ത മറ്റ് പദ്ധതികൾ ഉടൻ ആരംഭിക്കും. കാറ്റിലൂടെ 50 മെഗാവാട്ട് വൈദ്യുതി ഈ വർഷം അധികമായി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പ്രസരണ രംഗം മെച്ചപ്പെടുത്താൻ 641 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കും. ഇന്റർ ലിങ്കിങ് ലൈനുകൾ നിർമ്മിച്ച് പ്രസരണ ശൃംഖല കരുത്തുറ്റതാക്കും. വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത കണക്കിലെടുത്ത്, തിരുവനന്തപുരത്ത് മൂന്ന് സ്ഥലങ്ങളിൽ 220 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കും. . നിലവിലുള്ള 66 കെ.വി. ലൈനുകൾ 110 കെ.വി.ലൈനുകൾ ആക്കി മാറ്റും. കൊച്ചിയിലെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത കണക്കിലെടുത്ത് കീഴില്ലം, പുതുവൈപ്പിൻ, അമ്പലമുകൾ എന്നിവിടങ്ങളിൽ 220 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കും. ഈസ്റ്റ് കൊച്ചിയിൽ 400 കെ.വി. സബ്സ്റ്റേഷൻ പണി ഉടൻ ആരംഭിക്കും. ആലുവ, കലൂർ എന്നിവിടങ്ങളിലെ 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. സബ്സ്റ്റേഷനുകളാക്കും. വ്യവസായ സംരംഭങ്ങളെ പരിപോഷിപ്പി ക്കുന്നതിനായി പാലക്കാട് 400 കെ.വി. സബ് സ്റ്റേഷൻ തുടങ്ങും. വൈദ്യുതി മേഖലയിലെ സംരക്ഷണം ഉദ്ദേശിച്ചുകൊണ്ട് ബോർഡിൽ പ്രത്യേക സംരക്ഷണ വിഭാഗത്തിന് രൂപം നൽകും. വൈദ്യുതി ബോർഡ് കമ്പ്യൂട്ടറൈസേഷന് നടപടികൾ കൈക്കൊള്ളും. സി.എഫ്.എൽ. ലാമ്പുകൾ 15 രൂപയ്ക്ക് കൊടുക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കും. മഞ്ചേരി

സർക്കിളിൽ കാളിക്കാവ്, പൂക്കോട്ടുപാടം, വണ്ടൂവം എന്നിവിടങ്ങളിൽ 3 സെക്ഷനുകൾ സ്ഥാപിച്ചു. 01-01-2007 വരെ അപേക്ഷിച്ചവർക്ക് വൈദ്യുതി കണക്ഷനുകൾ കൊടുത്തു. 31 കി. മീ. 11 കെ. വി. ലൈൻ വലിച്ച് 394 ട്രൻസ്ഫോർമറുകൾ സ്ഥാപിച്ചു. 2319 കി. മീ. എൽ. ടി. ലൈൻ വലിച്ച് പ്രസരണ രംഗത്ത് വലിയ നേട്ടമുണ്ടാക്കാൻ സാധിച്ചു. മാനാപ്പുറത്ത് 220 കെ. വി. സബ്സ്റ്റേഷനും തിരുനാവായയിൽ 33 കെ. വി. സബ്സ്റ്റേഷനും പൂർത്തിയാക്കി. കാളിക്കാവ്, പൂക്കോട്ടുപാടം, തൃക്കണ്ണാപുരം, കക്കാട്, പോത്തുങ്കൽ എന്നിവിടങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷനുകളുടെ വർക്ക് നടന്നുവരികയാണ്. അഴീക്കോട് 400 കെ. വി. സബ്സ്റ്റേഷന്റെ പണി ഈ വർഷം പൂർത്തീകരിക്കും. വേനൽമഴയിൽ കിട്ടിയ അധികജലം പരിപൂർണ്ണമായി സംഭരിച്ചുവച്ചിട്ടുണ്ട്. പി. എസ്. സി. യിൽനിന്ന് ജീവനക്കാരെ കിട്ടുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതാണ്. അഡീഷണൽ ആതറൈസേഷൻവഴി കോടിക്കണക്കിന് രൂപ അനുവദിച്ച് എസ്. സി./എസ്. ടി. അടിസ്ഥാന വർഗ്ഗത്തിന്റെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പോസിറ്റീവായ സമീപനമെടുത്ത ധനകാര്യവകുപ്പിന് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷത്തുനിന്നും വന്നിട്ടുള്ള നല്ല നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ചില കാര്യങ്ങളിൽ മുന്നോട്ടുപോയിട്ടുള്ളത് എസ്. സി./എസ്. ടി. അടിസ്ഥാനവർഗ്ഗത്തിന്റെ ജീവൽപ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. കാലാവസ്ഥ ഈ വിധത്തിലാണ് തുടരുന്നതെങ്കിൽ 5 മില്യൻ യൂണിറ്റിന്റെ ഡെഫിസിറ്റുണ്ടാകും.

അതുവഴി 3500 കോടി രൂപയുടെ ബാദ്ധ്യത വരും. ആ ബാദ്ധ്യത ഇന്നത്തെ സാഹചര്യത്തിൽ കെ. എസ്. ഇ. ബി. ക്ക് ഏറ്റെടുക്കാൻ പറ്റില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് ക്യാബിനറ്റ് പരിശോധിച്ചതിനുശേഷം റെഗുലേറ്ററി കമ്മീഷന് നേരിട്ട് പെറ്റീഷൻ കൊടുത്താൽ മതിയെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ അത് സംബന്ധിച്ച് ഉറപ്പ് നൽകാൻ കഴിയില്ല. പന്നിയാർ ദുരന്തത്തിൽ മരിച്ചവരിൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 33 നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.55-ന് പിരിഞ്ഞു.)